**എണ്ണയ്ക്കുവേണ്ടിയുള്ള അമേരിക്കൻ സ്വേച്ഛാധിപത്യത്തിന്റെ അറബ് താത്പര്യങ്ങളെ വസ്തുതാവിരുദ്ധമായ റിപ്പോർട്ടുകളിലൂടെ അമേരിക്കൻ മാധ്യമങ്ങൾ എങ്ങനെ സംരക്ഷിക്കുന്നു എന്ന് സമീപകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിവരിക്കുന്നു**

**നോം ചോംസ്കി**

പരിഭാഷ: കെ.എം. വേണുഗോപാൽ

# അറബ് ജനാധിപത്യത്തെ തകർക്കുന്ന മാധ്യമ ഇടപെടലുകൾ

*കോർപറേറ്റ് മാധ്യമങ്ങൾ ലോകമെങ്ങും പ്രചരിപ്പിച്ചുവരുന്ന അസത്യങ്ങൾക്കും അർദ്ധസത്യം നിറഞ്ഞ വാർത്തകൾക്കും എതിരായ ബദൽ മാധ്യമപ്രവർത്തനത്തിനുവേണ്ടി രൂപീകൃതമായ സംഘടനയാണ് ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന FAIR (Fair and Accuracy in Reporting). 2011 മേയ് 10-ാം തീയതി ഫെയറിന്റെ 25-ാം വാർഷികാഘോഷവേളയിൽ നൂറുകണക്കിന് ബദൽ മാധ്യമപ്രവർത്തകരും അമേരിക്കൻ വിമത ബുദ്ധിജീവികളും പങ്കെടുത്തു. ലോക പ്രശസ്ത ചിന്തകനും ഭാഷാശാസ്ത്രജ്ഞനുമായ നോം ചോംസ്കി, 'ഡെമോക്രസി നൗ' (Democracy Now) എന്ന ബദൽ മാധ്യമസ്ഥാപനത്തിന്റെ സ്ഥാപകരിലൊരാളും സജീവ പ്രവർത്തകയുമായ ഏമി ഗുഡ്മാൻ എന്നിവരുടെ പങ്കാളിത്തം കൊണ്ട് ഫെയറിന്റെ വാർഷികം ലോകതലത്തിൽ തന്നെ ശ്രദ്ധപിടിച്ചുപറ്റി. 'ഡെമോക്രസി നൗ'വിനുവേണ്ടി ഏമി ഗുഡ്മാൻ എഡിറ്റ് ചെയ്ത നോം ചോംസ്കിയുടെ പ്രസംഗത്തിന്റെ വീഡിയോവിൽ നിന്നും പാഠരൂപത്തിൽ ആക്കിയ ലേഖനമാണിത്. ദേശീയ മീഡിയാ വാച്ച് ഗ്രൂപ്പായ ഫെയറിൽ സംസാരിച്ചുകൊണ്ട് അറബ് രാജ്യങ്ങളിൽ നടന്നുവരുന്ന രാഷ്ട്രീയ ഉയിർത്തെഴുന്നേൽപ്പിനെ ചോംസ്കി വിശകലനം ചെയ്യുന്നു.*

***ഏമി ഗുഡ്മാൻ:*** *നാം ഇപ്പോൾ ഫെയറിന്റെ ഇരുപത്തഞ്ചാം വാർഷികം ആഘോഷിക്കുകയാണ്. മാധ്യമ പക്ഷപാതങ്ങൾക്കും സെൻസർഷിപ്പിനും എതിരായി ഇരുപത് വർഷക്കാലത്തോളം ശബ്ദമുയർത്തുകയും ബദൽ മാധ്യമങ്ങൾ എടുത്തുയർത്തുകയും ചെയ്യുന്നതിന് വേണ്ടി ഫെയർ പ്രവർത്തിച്ചു. ഭരണകൂടത്തെ വിമർശിക്കുന്ന ആശയങ്ങളെയും ന്യൂനപക്ഷ വീക്ഷണഗതികളെയും തമസ്കരിക്കുന്നത് പതിവാക്കിയ ഒരു മാധ്യമ സംസാക്കാരത്തെയാണ് ഫെയർ എതിർത്തു പോന്നിട്ടുള്ളത്. ഈ അവസരത്തിൽ എത്തിച്ചേർന്ന നൂറ് കണക്കിന് വ്യക്തികളിലൊരാൾ ലോകപ്രശസ്തനായ രാഷ്ട്രീയ വിമതനും ഭാഷാ ശാസ്ത്രജ്ഞനുമായ നോം ചോംസ്കിയാണ്. ചോംസ്കിയുടെ വാക്കുകൾ ശ്രദ്ധിക്കുക.*

**അമേരിക്കയും** അതിന്റെ സഖ്യശക്തികളും അറബ് ലോകത്ത് ആധികാരികമായ ജനാധിപത്യം പുലരുന്നത് തടയാനായി എന്തും ചെയ്യുന്ന അവസ്ഥയിലാണ് ഇന്ന്. ഇതിനുകാരണം വളരെ ലളിതമാണ്. അമേരിക്കയെ ഈ മേഖലയിലെ ഭൂരിപക്ഷം ജനതയും കാണുന്നത് തങ്ങളുടെ താൽപര്യങ്ങൾക്കെതിരായ മുഖ്യഭീഷണി എന്ന നിലയിലാണ്. പ്രധാനപ്പെട്ട ഒരു രാജ്യമായ ഈജിപ്തിൽ, വാസ്തവത്തിൽ എൺപതു ശതമാനം ജനങ്ങളും കരുതുന്നത് ഇറാൻ ആണവായുധങ്ങൾ കൈവശം വെക്കുന്നതാണ് (അറബ് മേഖലയിലെ സുരക്ഷിതത്വത്തിന് നല്ലത്)എന്നാണ്. മറ്റ് മിക്ക രാജ്യങ്ങളിലേയും ചിത്രം ഏതാണ്ട് ഇതിന് സമാനമാണ്. പക്ഷെ, പത്ത് ശതമാനത്തോളം വരുന്ന അറബ് ജനത ഇറാനെ ഒരു ഭീഷണിയായി കരുതുന്നവരായും ഉണ്ട്.


ജനങ്ങളുടെ ഇച്ഛകളോട് അനുഭാവവും സഹാനുഭൂതിയും വച്ചുപുലർത്തുന്ന ഭരണകൂടങ്ങളെ അറബ് പ്രദേശത്ത് വെച്ച് പൊറുപ്പിക്കാൻ അമേരിക്കയും സഖ്യശക്തികളും ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. കാരണം അത്തരം ഭരണമാറ്റങ്ങൾ യാഥാർത്ഥ്യമാവുന്നതോടെ അമേരിക്കക്ക് ആ മേഖലയിൽ നിയന്ത്രണം നഷ്ടപ്പെടുമെന്ന് മാത്രമല്ല അമേരിക്കൻ താൽപര്യങ്ങൾ പടിക്ക് പുറത്താക്കപ്പെടുകകൂടി ചെയ്യും.

വിക്കിലീക്സ് പുറത്തുവിട്ട രേഖകളിൽ ഏതാനും ചിലവ അറബ് പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ മാധ്യമങ്ങൾ കൂടുതൽ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. എല്ലാ തലവാചകങ്ങളും വിശകലനങ്ങളും അറേബ്യക്കാർ ഇറാൻ സംബന്ധിച്ച അമേരിക്കൻ നിലപാട് അംഗീകരിക്കുന്നുവെന്ന് സംതൃപ്തിയോടെ പ്രചരിപ്പിച്ചു. പക്ഷെ, അവയേറെയും അറബ് സ്വേച്ഛാധിപതികളെ ഉദ്ധരിച്ചുകൊണ്ടായിരുന്നു. അറബ് ജനത എന്തു ചിന്തിക്കുന്നുവെന്നുള്ള പ്രശ്നമേ അവയിലൊന്നും ഇല്ല. കാരണം അത് കാര്യമാക്കാനില്ല. സ്വേച്ഛാധികാരികൾ നമ്മെ സഹായിക്കുന്നുവെങ്കിൽ അവരുടെ ജനത പൂർണ്ണ നിയന്ത്രണത്തിലാണെങ്കിൽ നമുക്കെന്തു പ്രശ്നം? ഇത് സാമ്രാജ്യത്വത്തിന്റെ കാര്യത്തിലും ശരിയാണ്. അത് ഫലിക്കുന്നുവെങ്കിൽ നമുക്കെന്താണ് പ്രശ്നം? അവരുടെ ജനങ്ങളെ അവർക്ക് ഒതുക്കാനാവുന്നുവെങ്കിൽ അ

ത്രയും നല്ലത്. അവർക്ക് വിദ്വേഷം പ്രചരിപ്പിക്കാം.

നമ്മുടെ സുഹൃത്തുക്കളായ സ്വേച്ഛാധിപതികൾ ജനങ്ങളെ നിർത്തേണ്ടിടത്ത് നിർത്തിക്കൊള്ളും. ഇത് അമേരിക്കൻ ആഭ്യന്തരവകുപ്പിലെ നയതന്ത്ര ഉദ്യോഗസ്ഥരുടെ മാത്രം ചിന്താഗതിയല്ല. പാശ്ചാത്യലോകത്തെ ബുദ്ധിജീവി സമൂഹത്തിന്റെ പൊതുവായ മനോഭാവമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച അഭിപ്രായ സർവ്വേയെക്കുറിച്ച് അമേരിക്കൻ മാധ്യമങ്ങൾ മിണ്ടിയിട്ടില്ല. ഇംഗ്ലണ്ടിൽ വളരെക്കുറച്ച് റിപ്പോർട്ടുകൾ വന്നു. അവർ ഭരണകർത്താക്കളുടെ നിയന്ത്രണത്തിൽ ആയിരിക്കുന്നേടത്തോളം കാലം അറബ് ജനത എങ്ങിനെയാണ് കാര്യങ്ങൾ കാണുന്നതെന്ന് ചിന്തിക്കേണ്ടയാവശ്യം പാശ്ചാത്യമാധ്യമങ്ങൾക്കില്ല!

മേൽപ്പറഞ്ഞ വസ്തുതകളിൽനിന്നും നയങ്ങൾ ഏത് ദിശയിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നതെന്ന് പെട്ടെന്നുതന്നെ നിങ്ങൾക്ക് കാണാൻ കഴിയും. അവ എന്താണെന്ന് വിസ്തരിച്ച് പ്രതിപാദിക്കാൻ പോലും നിങ്ങൾക്ക് കഴിയും. എണ്ണയുൽപ്പാദിപ്പിക്കുന്ന ഒരു സമ്പന്ന രാജ്യത്തിൽ സ്വേച്ഛാധികാരിക്ക് യഥേഷ്ടം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകുക. സൗദി അറേബ്യ അക്കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട രാജ്യമാണ്. ഏറ്റവും മർദ്ദകമായ ഭരണം നടക്കുന്നതും ഇസ്ലാമിക ഫണ്ടമെന്റലിസത്തിന്റെ കേന്ദ്രങ്ങളിൽ ഏറ്റവും ശക്തമായുതമായ ഒരു സ്വേച്ഛാധിപത്യമാണത്. ജിഹാദി ഇസ്ലാമിന്റെ പ്രചാരകർ അവിടെനിന്നും ലോകത്തിന്റെ ഇതരഭാഗങ്ങളിൽ പ്രവർത്തിക്കാൻ പറഞ്ഞയക്കപ്പെടുന്നു. പക്ഷെ ഇവർ അനുസരണയുള്ളവരും വിശ്വസ്തരുമാണ്. അതിനാൽ അവർക്കിഷ്ടമുള്ളതുപോലെ പ്രവർത്തിക്കാൻ അനുവദിക്കുക. സൗദി അറേബ്യയിൽ ഒരു പ്രതിഷേധ പ്രകടനം നടത്താൻ പദ്ധതിയിട്ടവർക്ക് പേടിപ്പിക്കുന്ന പോലീസ് സാന്നിദ്ധ്യവും പ്രത്യക്ഷമായ സ്വേച്ഛാധിപത്യവും നിമിത്തം റിയാദിലെ തെരുവുകളിൽ അത് നടത്താൻ ഒറ്റ വ്യക്തിയെപ്പോലും കിട്ടിയില്ല. പക്ഷെ, അത് (പാശ്ചാത്യമാധ്യമങ്ങൾക്ക്) വിഷയമേ അല്ലായിരുന്നു. കുവൈറ്റിൽ ഒരു ചെറിയ പ്രകടനം നടന്നപ്പോൾ പെട്ടെന്ന് തന്നെ അതിനെ ഭരണകൂടം അടിച്ചു തകർത്തപ്പോഴും ഒരു കമന്റും ഉണ്ടായില്ല.



നോം ചോംസ്കി

എന്നാൽ, ബഹ്റിൻ പലതുകൊണ്ടും താൽപര്യമുണർത്തുന്ന ഒരു കേസാണ്. രണ്ട് കാരണങ്ങൾകൊണ്ട് ബഹ്റിൻ പ്രാധാന്യം നേടുന്നു ഒന്ന് അമേരിക്കയുടെ അഞ്ചാം കപ്പൽപ്പട സ്ഥിതിചെയ്യുന്ന തുറമുഖം ആ രാജ്യത്തിലാണ്. മേഖലയിലെ ഏറ്റവും വലിയ യു എസ് സൈനിക സാന്നിദ്ധ്യമാണ് അത്. മറ്റൊരു അടിസ്ഥാനപരമായ കാരണം ബഹറിൻ ജനതയിൽ 70% ഷിയാ മുസ്ലീങ്ങളാണ് എന്നാണ്. ഈ രാജ്യം കിഴക്കൻ സൗദി അറേബ്യയിലേക്കുള്ള പ്രവേശനമാർഗത്തിനി നേർ എതിർ വശത്താണ് സ്ഥിതിചെയ്യുന്നത്. സൗദി എണ്ണനിക്ഷേപവും അധികവും സ്ഥിതിചെയ്യുന്നത് ഷിയാ ഭൂരിപക്ഷപ്രദേശമായ കിഴക്കൻ ഭാഗത്താണ്. 1940കൾ മുതൽ പ്രധാനപ്പെട്ട ഊർജ്ജ ഉറവിടങ്ങളിലൊന്നാണ് ഈ ഭാഗം. ചരിത്രത്തിന്റേയും ഭൂമിശാസ്ത്രത്തിന്റേയും കൗതുകകരമായ യാദൃച്ഛികതമൂലം ലോകത്തിലെ എണ്ണനിക്ഷേപങ്ങളിലധികവും ഷിയാ ഭൂരിപക്ഷപ്രദേശങ്ങളിലാണ്. മദ്ധ്യപൂർവ്വ പ്രദേശങ്ങളിൽ ഷിയാ മുസ്ലീങ്ങൾ ന്യൂനപക്ഷമാണ്. ഗൾഫ് മേഖലയുടെ വടക്കൻ ഭാഗങ്ങളിലുള്ള എണ്ണഖനികളുടെ ചുറ്റുമാണ് അവർ ഭൂരിപക്ഷമായിരിക്കുന്നത്. കിഴക്കൻ സൗദി അറേബ്യ, തെക്കൻ ഇറാഖ്, ഇറാന്റെ തെക്കു പടിഞ്ഞാറൻ പ്രദേശങ്ങൾ എന്നിവയാണ് അത്തരം ഭൂഭാഗങ്ങൾ, ഏറെക്കാലമായി ആസൂത്രകർക്കിടയിലുള്ള ഒരു പദ്ധതിയാണ് ഷിയാ ഭൂരിപക്ഷപ്രദേശങ്ങളിലെ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളുമായി പരോക്ഷമായ സഖ്യം ഉണ്ടാക്കിക്കൊണ്ട് ലോകത്തിലെ എണ്ണ നിക്ഷേപത്തിന്റെ സിംഹഭാഗവും കൈക്കലാക്കുക എന്ന അമേരിക്കൻ നയം. പക്ഷെ, അത് സഹിക്കാവുന്നതിൽ അപ്പുറമാണ്. ബഹറിനിലേക്ക് തിരിച്ചുപോകാം. താഹിർ സ്ക്വയർ പോലെയുള്ള ഒരു നഗരചത്വരത്തിൽ ബഹറിനിലും ഒരു വൻ പ്രക്ഷേഭം നടന്നിരുന്നു. എന്നാൽ സൗദി അറേബ്യയുടെ നേതൃത്വത്തിലുള്ള സൈനിക വിഭാഗങ്ങൾ ബഹറിനിൽ ആക്രമിച്ചു കയറുകയാണുണ്ടായത്. പ്രക്ഷോഭത്തെ അടിച്ചമർത്താൻ വേണ്ടി ബഹറിൻ അധികൃതർക്ക് പിന്തുണ നൽകാനായിരുന്നു ഇത്. അവർ ജനകീയ പ്രക്ഷോഭം നടന്ന ടെന്റ് സിറ്റി നശിപ്പിച്ചു. ബഹറിന്റെ അഭിമാനപ്രതീകമായ 'പേൾ' നശിപ്പിച്ചു. (പേൾ സ്ക്വയറിലെ 300 അടിയിലേറെ ഉയരമുള്ള ഒരു ശില്പം. ഈ ശില്പം ബഹറിനിലെ ജനാധിപത്യ പ്രസ്ഥാനത്തിന്റെ അഭിമാനചിഹ്നം എന്ന നിലയിൽ പ്രക്ഷോഭകർ അടുത്തകാലത്ത് പടുത്തുയർത്തിയതായിരുന്നു. കമാനാകൃതിയിലുള്ള ആറ് തൂണുകളുടെ അറ്റത്ത് താങ്ങി നിർത്തപ്പെട്ടിരുന്ന ഒരു വലിയ മുത്ത് ഉൾപ്പെടുന്ന ശില്പമാണ്. ബഹറീൻ സർക്കാർ അത് ട്രാഫിക് പ്രശ്നമുണ്ടാക്കുന്നുവെന്ന് ഒഴിവ്കഴിവ് പറഞ്ഞ് അടിച്ചു തകർത്തത്). ഇതിനു പുറമെ അവിടെയുള്ള ഒരു ആശുപത്രിസമുച്ചയം പട്ടാളം അടിച്ചു തകർത്ത് രോഗികളെയും ഡോക്ടർമാരെയും പുറത്താക്കി. മനുഷ്യാവകാശ പ്രവർത്തകരെ വേട്ടയാടുന്നതും ജനാധിപത്യ പ്രേക്ഷോഭകരെ അറസ്റ്റ് ചെയ്ത് ക്രൂരമായ മർദ്ദനമുറകൾക്ക് വിധേയരാക്കുന്നതും ഇപ്പോൾ നിത്യസംഭവങ്ങളായിരിക്കുന്നു. എന്നാൽ ഈ നടപടികളൊക്കെയും അമേരിക്കൻ താൽപര്യങ്ങളുമായി പൊരുത്തപ്പെടുന്ന കാലത്തോളം അവയെല്ലാം സാധാരണ നടപടികളാണ്! ജനാധിപത്യത്തെക്കുറിച്ച് പൊതുവായ വാചകമടികൾ നടത്തുമ്പോഴും വസ്തുതകൾ കണാൻ ഇഷ്ടപ്പെടുന്നില്ല.

എണ്ണയുൽപ്പാദിപ്പിക്കുന രാജ്യങ്ങളിലെ സമ്പന്നരായ സ്വേച്ഛാധിപതികളുടെ കഥ അങ്ങനെ. എന്നാൽ പ്രധാനപ്പെട്ട രാജ്യമായ ഈജിപ്തിൽ എന്താണ് നടക്കുന്നത്? ഈജിപ്ത് എണ്ണ



ബഹ്റിനിലെ പേൾ സ്ക്വയറിൽ തടിച്ചുകൂടിയ പ്രക്ഷോഭകാരികൾ. പേൾ സ്ക്വയറിലെ 300 അടിയിലേറെ ഉയരമുള്ള ശില്പവും ചിത്രത്തിൽ കാണാം. ജനാധിപത്യ പ്രസ്ഥാനത്തിന്റെ അഭിമാനചിഹ്നമായാണ് പ്രക്ഷോഭകാരികൾ ഈ ശില്പത്തെ പരിഗണിച്ചിരുന്നത്

യുൽപ്പാദനത്തിന്റെ ഒരു മുഖ്യകേന്ദ്രമായി കണക്കാക്കാവുന്ന രാജ്യമല്ല. ഈജിപ്തിലും ടുണീഷ്യയിലും ഈ വിഭാഗത്തിൽപ്പെടുന്ന വേറെ ചില രാജ്യങ്ങളിലും അമേരിക്കൻ കലിയുടെ തന്ത്രങ്ങൾ അല്പം വ്യത്യസ്തത പുലർത്തുന്നു. സർവ്വസാധാരണമായും ആവർത്തിച്ചും പ്രയോഗിക്കപ്പെടുന്ന ഈ തന്ത്രങ്ങൾ കാണാൻ വലിയ ബുദ്ധിവൈഭവമൊന്നും ആവശ്യമില്ല. നയന്ത്ര വകുപ്പിൽ ജോലി നോക്കാൻ നിങ്ങൾക്കാർക്കെങ്കിലും താൽപര്യമുള്ള പക്ഷം അത് ശ്രദ്ധിച്ച് പഠിക്കേണ്ടതാണ്. നമുക്ക വേണ്ടപ്പെട്ട സ്വേച്ഛാധിപതിയായ ഭരണകർത്താവ് ആ രാജ്യങ്ങളിൽ ഓരോന്നിലും ഉള്ള പക്ഷം അയാളുടെ നില എന്താണെന്ന് തുടർച്ചയായി നിരീക്ഷിക്കുക. അയാൾക്ക് എതിരെ ജനകീയ സമ്മർദ്ദങ്ങൾ ശക്തിപ്പെടുന്നുവെങ്കിൽ പറ്റുന്നിടത്തോളം അയാളെ സഹായിക്കുക. പക്ഷെ സൈന്യമടക്കം അയാൾക്കെതിരെ തിരിയുകയും ജനങ്ങൾ ബഹുഭൂരിപക്ഷവും അയാളെ തള്ളിപ്പറയുകയും ചെയ്യുന്ന ഘട്ടത്തിൽ നമുക്ക് തുടർന്ന് സഹായിക്കാനാവില്ല. അപ്പോൾ ജനാധിപത്യത്തെക്കുറിച്ച് മുഴക്കമുള്ളതെന്ന് തോന്നുന്ന പ്രഖ്യാപനങ്ങൾ നടത്തുകയും അതോടൊപ്പം വെറുക്കപ്പെട്ട ഭരണാധികാരിയെ എങ്ങോട്ടെങ്കിലും മാറ്റിപ്പാർപ്പിച്ച ശേഷം പഴയ ഭരണവ്യവസ്ഥയെ തുടർന്ന് നിലനിൽക്കാൻ സഹായിക്കുകയും ചെയ്യും. വേണമെങ്കിൽ പേരുകളിൽ മാറ്റം വരുത്താം. എല്ലായിടത്തും എപ്പോഴും അത് വിജയിപ്പിക്കണമെന്നില്ലെങ്കിൽപ്പോലും ഇത്തരം ശ്രമങ്ങൾ എല്ലായിടത്തും നടന്നിട്ടുണ്ട്. നിക്കാരാഗ്വയിൽ സമോസാ, ഇറാനിൽ ഷാ, ഫിലിപ്പീൻസിൽ മാർക്കോസ്, ഹെയ്തിയിൽ ഡ്യാവാലിയേർ, ദക്ഷിണകൊറിയയിൽ ചുൻ, കോംഗോവിൽ മോബോട്ടു, റൊമാനിയയിൽ ചെഷെസ്ക്യൂ, ഇൻഡോനേഷ്യയിൽ സുഹാർത്തോ ഇങ്ങനെ പല ഭരണാധികാരികളെയും നീക്കുന്നതിലോ രാജ്യത്തിന് പുറത്ത് മാറ്റിപ്പാർപ്പിക്കുന്നതിലോ ഉള്ള അമേരിക്കൻ ദൗത്യം സാധാരണ നടപടിയുടെ ഭാഗമാണ്. ഈജിപ്തിലും ടുണീഷ്യയിലും ഇപ്പോൾ നടക്കുന്നതും സമാനമാനങ്ങൾ ഉൾക്കൊള്ളുന്ന ജനകീയ പ്രക്ഷോഭങ്ങളാണ്. ഏമി സൂചിപ്പിച്ച പോലെ അവ എങ്ങോട്ടാണ് പോകുന്നതെന്ന് കൃത്യമായും നമുക്കറിയില്ല.

എന്നാൽ മറ്റൊരു വിഭാഗത്തിൽപ്പെടുന്ന ഭരണകൂടങ്ങളും ഉണ്ട്. എണ്ണപ്പണക്കാരനായ സ്വേഛാധികാരിയാവും ഭരണകർത്താവാണ്. പക്ഷെ അയാൾ വിശ്വസ്തനായിരിക്കുകയില്ല. ഉദാഹരണത്തിന് ലിബിയ. ലിബിയയിൽ അമേരിക്കൻ നയം വേറൊന്നാണ്: കൂടുതൽ വിശ്വസ്തനായ മറ്റൊരു സ്വേഛാധിപതിയെ കണ്ടെത്തുക എന്നതാണ് അത്. എന്നാൽ അതിനെ നാം വിശേഷിപ്പിക്കുന്നത് മനുഷ്യത്വപരമായ ഇടപെടൽ ആയാണ്! ഹിറ്റ്ലർ ചെക്കോസ്ലേവാക്യ ആക്രമിച്ചപ്പോഴും ജാപ്പ് ഫാസിസ്റ്റുകൾ വടക്കുകിഴക്കൻ ചൈനയിൽ അധിനിവേശം നടത്തിയപ്പോഴും മുസോളിനി എത്യോപ്യ ആക്രമിച്ചപ്പോഴും ഇതേ വാചകമടിയുടെ അകമ്പടി ഉണ്ടായിരുന്നു. മാധ്യമങ്ങളും രാഷ്ട്രീയനിരീക്ഷകരും ഭരണകൂടങ്ങൾ പടച്ചുവിടുന്ന പാഴ്വാക്കുകളെ സംശയമേതുമില്ലാതെ റിപ്പോർട്ട് ചെയ്യുന്നു. സത്യം അറിയുന്നില്ലെന്ന് അഭിനയിക്കുന്നു. പക്ഷെ ലിബിയയുടെ കേസിൽ ചിലത് കൂട്ടിച്ചേർക്കാനും ഒരു പക്ഷേ അവർക്ക് കഴിയും. അതായത്, യു.എസും സഖ്യശക്തികളും അറബ് ലീഗ് ആവശ്യപ്പെട്ടതുപ്രകാരം ഇടപെടുന്നു എന്ന് തീർച്ചയായും നമ്മൾ അതിന്റെ പ്രാധാന്യം മനസ്സിലാക്കിയേ തീരൂ. സാന്ദർഭികമായി പറയട്ടെ അറബ് ലീഗിൽ നിന്നും ഉയർന്നുവന്ന ആവശ്യം അത്ര ബോധ്യത്തോടെ ആയിരുന്നില്ലെന്നു മാത്രമല്ല, തുടർന്ന് നമ്മൾ ചെയ്യുന്നതിൽ അസംതൃപ്തി പൂണ്ട അറബ് ലീഗ് അവരുടെ




ബഹ്റിനിലെ ജനകീയപ്രക്ഷോഭത്തെ തുടർന്ന് സൗദി അറേബ്യൻ സൈന്യത്തിന്റെ സഹായത്തോടെ ഭരണകൂടം നശിപ്പിച്ച പേൾ സ്ക്വയറിലെ ശില്പം

**രണ്ട് ദിവസം മുമ്പ് ന്യൂയോർക്ക് ടൈംസ് ഇങ്ങിനെ റിപ്പോർട്ട് ചെയ്തു. "ഈജിപ്തിലെ ഭൂരിപക്ഷമാളുകളും രാജ്യത്തിന്റെ വിദേശ നയത്തിന്റെയും മേഖലയുടെ സ്ഥിരതയുടേയും ആധാരശിലയായി 1979 ലെ (ഇസ്രായേലുമായി ഉണ്ടാക്കിയ) സമാധാന ഉടമ്പടി റദ്ദാക്കണമെന്ന് അഭിപ്രായമുള്ളവരാണ്." വാസ്തവത്തിൽ 1979 ഉടമ്പടി മേഖലയിലെ അസ്ഥിരതയുടെ ആധാരശിലയാണ്, സ്ഥിരതയുടേതല്ല. കൃത്യതയില്ലാത്ത റിപ്പോർട്ടിംഗിന്റെ ഒരു ഉദാഹരണമാണ് ഇത്. ആ സമാധാന ഉടമ്പടി അസ്ഥിരതയിലേക്ക് നയിക്കുന്നതിനാലാണ് ഈജിപ്തിലെ ഭൂരിപക്ഷം ജനങ്ങളും അത് റദ്ദുചെയ്യണമെന്ന് ആവശ്യപ്പെടുന്നത്**

ആവശ്യം പെട്ടെന്നു തന്നെ പിൻവലിച്ചിട്ടും ഉണ്ട്. എന്നാൽ അത് പാശ്ചാത്യ മാധ്യമങ്ങൾ ശ്രദ്ധിച്ചില്ല. അതേസമയം അറബ് ലീഗ് മറ്റൊരു ആവശ്യം പുതുതായി ഉന്നയിച്ചിരുന്നു. ഒരു ദിനപത്രത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട തലവാചകം "ഗാസയെ പറക്കൽ വിമുക്ത മേഖലയാക്കാൻ അറബ്ലീഗ് ആവശ്യപ്പെടുന്നു" എന്നായിരുന്നു. ഇത് ലണ്ടൻ ഫൈനാൻഷ്യൽ ടൈംസിൽ വന്ന തലവാചകമാണ്. അമേരിക്കൻ പത്രങ്ങൾ ഇത് പൂഴ്ത്തിവെച്ചു. കൂടുതൽ കൃത്യമായി പറയുകയാണെങ്കിൽ വാഷിംഗ്ടൺ ടൈംസ് ജനഹിത പരിശോധനയുടെ ഒരു റിപ്പോർട്ടിന്റെ കൂട്ടത്തിൽ (ഒപ്പീനിയിൻ പോൾ) ഉൾപ്പെടുത്തി അതിനെ ഒരു യഥാർത്ഥ വാർത്ത അല്ലാതാക്കുകയാണ് ചെയ്തത്. 'ഗാസയെ പറക്കൽ വിമുക്തമേഖലയാക്കി പ്രഖ്യാപിക്കും' എന്ന തലവാചകത്തോടെ അറബ് ലീഗിന്റെ ആവശ്യം റിപ്പോർട്ട് ചെയ്യുന്നത് അമേരിക്കൻ നയവുമായി പൊരുത്തപ്പെടുന്ന ഒന്നല്ല. അതിനാൽ നേരത്തെ ഞാൻ സൂചിപ്പിച്ച അഭിപ്രായസർവ്വേ റിപ്പോർട്ട് അമേരിക്കൻ പത്രങ്ങൾ ഫലത്തിൽ തമസ്കരിക്കുകയാണ് ചെയ്തത്.

എന്നാൽ ഇപ്പോൾ ചില അഭിപ്രായസർവ്വേ റിപ്പോർട്ടുകൾ വെളിച്ചം കാണുന്നുണ്ട്. രണ്ട് ദിവസം മുമ്പ് ന്യൂയോർക്ക് ടൈംസ് ഇങ്ങിനെ റിപ്പോർട്ട് ചെയ്തു. "ഈജിപ്തിലെ ഭൂരിപക്ഷമാളുകളും രാജ്യത്തിന്റെ വിദേശ നയത്തിന്റെയും മേഖലയുടെ സ്ഥിരതയുടേയും ആധാരശിലയായി 1979 ലെ (ഇസ്രായേലുമായി ഉണ്ടാക്കിയ) സമാധാന ഉടമ്പടി റദ്ദാക്കണമെന്ന് അഭിപ്രായമുള്ളവരാണ്." വാസ്തവത്തിൽ 1979 ഉടമ്പടി മേഖലയിലെ അസ്ഥിരതയുടെ ആധാരശിലയാണ് സ്ഥിരതയുടേതല്ല. കൃത്യതയില്ലാത്ത റിപ്പോർട്ടിംഗിന്റെ ഒരു ഉദാഹരണമാണ് ഇത്. ആ സമാധാന ഉടമ്പടി അസ്ഥിരതയിലേക്ക് നയിക്കുന്നതിനാലാണ് ഈജിപ്തിലെ ഭൂരിപക്ഷം ജനങ്ങളും അത് റദ്ദുചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. ഈജിപ്തിനെ ഇസ്രയേൽ - അറബ് സംഘർഷത്തിൽനിന്നും ഫലത്തിൽ പൂർണ്ണമായും ഒഴിവാക്കുന്ന ഒരു ഉടമ്പടിയാണ് അത്. ഇസ്രായേലിന് തോന്നിയതുപോലെ അധിനിവേശ അറബി പ്രദേശത്ത് ആക്രമണം നടത്താൻ ആ മേഖലയിലെ ഏക പ്രബല സൈനിക ശക്തിയായ ഈജിപ്തിനെ ഒഴിവാക്കുന്നതിലൂടെ ഇത് കൂടുതൽ സൗകര്യമൊരുക്കി. അതിനുശേഷമാണ് ഇസ്രായേൽ അധിനിവേശ പ്രദേശങ്ങളിലും വടക്കൻ അതിർത്തിയിലുള്ള ലെബനോണിലും എല്ലാ നിയമങ്ങളേയും ലംഘിച്ചുകൊണ്ട് സൈനിക നടപടികൾ കൈക്കൊണ്ടത്. ഇസ്രായേൽ ലെബനോണിൽ നടത്തിയ ആക്രമണത്തിൽ 20,000 ത്തിൽ പരം ജനങ്ങൾ കൊല്ലപ്പെടുകയും തുടർന്ന് തെക്കൻ ലെബനോണിൽ ഒരു ഇസ്രായേൽ വിധേയ ഭരണകൂടത്തെ പ്രതിഷ്ഠിക്കാൻ ശ്രമിക്കുകയും ചെയ്തു. ഈ ശ്രമം വിജയിച്ചില്ല എന്നത് മറ്റൊരു കാര്യം. ഇന്ന് ഈജിപ്ഷ്യൻ ജനത 1979ലെ സമാധാന ഇടമ്പടിക്ക് പിന്നിലെ താൽപര്യങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നതിനാൽ ആണ് അത് റദ്ദാക്കണമെന്ന് പറയുന്നത്. ഈജിപ്ഷ്യൻ സീനായിലെ അധിനിവേശ പ്രദേശങ്ങൾ ഉടമ്പടിയിലൂടെ വിട്ടുകിട്ടിയപ്പോഴും ഇസ്രായേൽ അതിക്രമങ്ങൾക്ക് ഫലപ്രദമായ തടസ്സമാകാൻ കഴിയുന്ന ഒരു ശക്തിയെ രംഗത്തുനിന്ന് മാറ്റിയതിലൂടെ പ്രസ്തുത കരാർ അറബ് താൽപര്യങ്ങൾക്ക് പൊതുവിൽ ഹാനികരമായ ഫലങ്ങളാണ് സൃഷ്ടിച്ചത്.

മറുവശത്തുനിന്ന് നോക്കുമ്പോൾ ടൈംസ് വെറുതെ നുണപറയുകയായിരുന്നില്ല എന്നുകൂടി കാണണം. പ്രദേശത്തിന്റെ സുസ്ഥിരത എന്ന് പറയുമ്പോൾ അതിന് സാങ്കേതികമായി അർത്ഥം വേറെയാണ്. 'സ്ഥിരത' എന്നതിന് ഇതുപോലുള്ള ജനാധിപത്യം എന്നും അർത്ഥമുണ്ട്. അതായത് നമ്മുടെ താൽപര്യങ്ങളുമായി ഒത്തുപോകുക. ഉദാഹരണത്തിന് ഇറാൻ അയൽരാജ്യങ്ങളായ അഫ്ഗാനിസ്ഥാനിലും ഇറാക്കിലും അതിന്റെ സ്വാധീനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നത് 'അസ്ഥിരത'യുണ്ടാക്കലാണ്. അത് ഇറാൻ ഉയർത്തുന്ന ഭീഷണിയുടെ ഭാഗമാണ്. അത് മേഖലയെ അസ്ഥിരപ്പെടുത്തുന്നു. എന്നാൽ യു.എസ് അതേ രാജ്യങ്ങൾ ആക്രമിക്കുമ്പോൾ അവിടങ്ങളിൽ നഗ്നമായ അധിനിവേശം നടത്തുകയും നാശങ്ങൾ വിതയ്ക്കുകയും ചെയ്യുമ്പോൾ അത് 'സ്ഥിരതയ്ക്ക് വേണ്ടിയാണ്' ഇത് വളരെ സാധാരണമായ ഒരു പ്രതിഭാസമാണ്. 'ഫോറിൻ അഫയേഴ്സ്' ന്റെ മുൻ പത്രാധിപർ എഴുതിയതുപോലെ ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഗവൺമെന്റിനെ അമേരിക്ക അട്ടിമറിച്ച് ഒരു സ്വേഛാധികാരിയെ അധികാരത്തിലേറ്റിയപ്പോൾ അത് 'സ്ഥിരതയ്ക്ക്' വേണ്ടിയായിരുന്നു! എന്ന് ഒറ്റവാചകത്തിലാണ് ആ പത്രം പറഞ്ഞത്. ചിലിയെ അസ്ഥിരപ്പെടുത്തിക്കൊണ്ട് ആ രാജ്യത്ത് സ്ഥിരത കൈവരുത്താൻ അമേരിക്ക നിർബന്ധിതമായി എന്ന് ആ വാചകത്തിൽ ഉണ്ടായിരുന്നു. അത് ശരിയായിരുന്നതിനാൽ ആരും അതിനെ കണ്ടതായി ഭാവിക്കുകയോ ചോദ്യം ചെയ്യുകയോ ഉണ്ടായില്ല. പാർലമെന്ററി മാർഗ്ഗത്തിലൂടെ അധികാരത്തിൽ വന്ന ഒരു സർക്കാരിനെ നിങ്ങൾക്ക് അട്ടിമറിച്ച് ഒരു സ്വേഛാധിപത്യത്തെ തൽസ്ഥാനത്ത് അവരോധിക്കാൻ കഴിയും. ഒരു രാജ്യത്തെ ആക്രമിച്ച് 20,000 പേരെ കൊലചെയ്യാൻ കഴിയും. ഇറാഖ് ആക്രമിച്ച് അനേക ലക്ഷങ്ങളെ കൊന്നൊടുക്കാൻ കഴിയും. ഇതെല്ലാം സ്ഥിരത കൈവരുത്താനാണ്. ആരെങ്കിലും തടസ്സമുണ്ടാക്കിയാൽ അത് അസ്ഥിരതയാണ്.